**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4775 — 27/06/2014-ൽ മറുപടിയ്ക്ക്

# ചെറുകിട നാമമാത്ര കർഷകരുടെ പെൻഷൻ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അൻവർ സാദത്ത്<br>,, വി.റ്റി. ബൽറാം<br>,, ജോസഫ് വാഴക്കൻ<br>,, സി. പി. മുഹമ്മദ് | **ശ്രീ . കെ.പി.മോഹനൻ**<br>**(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |

| ചോദ്യം | മറുപടി |
|---|---|
| എ) ചെറുകിട നാമമാത്ര കർഷകർക്ക് പെൻഷൻ നൽകുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;<br><br>ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ നൽകുമോ; | എ) & ബി) ഉണ്ട്.<br>16.08.2011 ലെ സ.ഉ(എം.എസ്)197/2011/കൃഷി പ്രകാരം ഒരു ഹെക്ടറോ അതിൽ താഴെയോ കൃഷി ഭൂമിയുള്ള 60 വയസ്സ് പൂർത്തിയായ ചെറുകിട നാമമാത്ര കർഷകർക്ക് പ്രതിമാസം 300 രൂപ നിരക്കിൽ പെൻഷൻ നൽകുന്ന പദ്ധതി നടപ്പാക്കുന്നതിന് ഭരണാനുമതി നൽകി. 13.02.2012 സ.ഉ.(എം.എസ്)26/12/കൃഷി പ്രകാരം പ്രതിമാസം പെൻഷൻ തുക 400 രൂപയായും, 2013 ഏപ്രിൽ മാസം മുതൽ 500 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ഈ പേയ്മെന്റ് സംവിധാനം മുഖേനയാണ് പെൻഷൻ നൽകുന്നത്.<br>കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ഊന്നൽ നൽകുന്നതോടൊപ്പം കർഷകക്ഷേമവും ഉറപ്പാക്കുക എന്ന നയത്തിന്റെ ഭാഗമായാണ് സംസ്ഥാനത്തെ 60 വയസ്സ് പൂർത്തിയായ ചെറുകിട നാമമാത്ര കർഷകർക്ക് പ്രതിമാസ പെൻഷൻ നൽകുന്ന പദ്ധതിക്ക് രൂപം നൽകി നടപ്പിലാക്കിയിരിക്കുന്നത് 29.10.2013 ലെ സ.ഉ(എം.എസ്)316/2013/കൃഷി പ്രകാരം 60 വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് അർഹരായ കർഷകർക്ക് പെൻഷൻ നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| സി) ആരെയെല്ലാമാണ് പദ്ധതിയുടെ പരിധിയിൽപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ; | സി) രണ്ട് ഹെക്ടറോ അതിൽ താഴെയോ കൃഷി ഭൂമിയുള്ള 60 വയസ്സ് പൂർത്തിയായ ചെറുകിട നാമമാത്ര കർഷകർക്കാണ് പദ്ധതി പ്രകാരം പെൻഷൻ ലഭിക്കുന്നതിന് അർഹതയുള്ളത്. |
| ഡി) പ്രസ്തുത പദ്ധതിയനുസരിച്ച് പെൻഷൻ അനുവദിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | ഡി) ആദ്യ ഘട്ടത്തിൽ 2012 ജൂൺ മാസം 15-ാം തീയതി വരെ അപേക്ഷ നൽകിയ അർഹരായ എല്ലാ കർഷകർക്കും |

| | |
|---|---|
| സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | 2014 ജൂൺ മാസം വരെയുള്ള പെൻഷൻ നൽകുന്നതിന് ആവശ്യമായ തുക പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കു നൽകിയിട്ടുണ്ട്. 2013 മാർച്ച് മാസം വരെ പ്രതിമാസം 400 രൂപ നിരക്കിലും 2013 ഏപ്രിൽ മാസം മുതൽ 500/- രൂപ നിരക്കിലുമാണ് പെൻഷൻ നൽകുന്നത്. കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ മുഖേന കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ടാണ് പെൻഷൻ തുക നൽകുന്നത്. |

സെക്ഷൻ ഓഫീസർ